## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ടചോദ്യം നം. * 81</u> <u>28.9.2011-ൽ മറുപടിക്ക്</u>

## <u>ആരോഗ്യ സർവ്വകലാശാലയുടെ പ്രവർത്തനം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി :<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന് :<br>ശ്രീ. പി. ഉബൈദുള്ള :<br>ശ്രീ. കെ.എൻ.എ. ഖാദർ : | ശ്രീ. അടൂർപ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) ആരോഗ്യ സർവ്വകലാശാലയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | (എ) ആരോഗ്യ വിദ്യാഭ്യാസമേഖലയെ കൂടുതൽ കാര്യക്ഷമമാക്കി അക്കാദമിക് നിലവാരം ഉയർത്തുന്നതിനും ആരോഗ്യമേഖലയിൽ ഗവേഷണ പ്രവർത്തനത്തിന് ഊന്നൽ നൽകുന്നതിനും ലക്ഷ്യമിട്ടുകൊണ്ടാണ് കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ് എന്ന പേരിൽ യൂണിവേഴ്സിറ്റി സ്ഥാപിച്ചിട്ടുള്ളത്. നിലവിൽ സംസ്ഥാനത്ത് വിവിധ സർവ്വകലാശാലകളോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലുമുള്ള ആധുനിക വൈദ്യ ശാസ്ത്രം, ദന്തൽ, ആയുർവേദം, ഹോമിയോ, സിദ്ധ, നഴ്സിംഗ്, ഫാർമസി, പാരാമെഡിക്കൽ കോഴ്സുകളിൽ ബിരുദ-ബിരുദാനന്തര കോഴ്സുകൾ നടത്തുന്ന കോളേജുകൾ ആരോഗ്യ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. 2010 - 11 മുതലുള്ള പ്രവേശനവും 2010 - 11 മുതൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ പരീക്ഷാ നടത്തിപ്പ് ഉൾപ്പെടെയുള്ള അക്കാദമിക് കാര്യങ്ങളും ആരോഗ്യസർവ്വകലാശാലയാണ് കൈകാര്യം ചെയ്യുന്നത്. |

(ബി) സർവ്വകലാശാലയുടെ പ്രവർത്തനം പൂർണ്ണതോതിൽ ആയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ് ; പരിഹാര നടപടികൾ സംബന്ധിച്ച വിശദവിവരം നല്കുമോ ;

(ബി) ആരോഗ്യസർവ്വകലാശാല ഇപ്പോൾ തൃശ്ശൂർ മെഡിക്കൽ കോളേജ് ക്യാമ്പസിലാണ് പ്രവർത്തിക്കുന്നത്. സർവ്വകലാശാലയ്ക്ക് സ്വന്തമായ ഒരു ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി സർക്കാർ അനുവദിച്ചിട്ടുള്ള സ്ഥലത്ത് മന്ദിര നിർമ്മാണത്തിനായി ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സർവ്വകലാശാലയിലേക്ക് അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. അനുബന്ധ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കി മതിയായ ജീവനക്കാരെ നിയമിക്കുന്ന മുറയ്ക്ക് സർവ്വകലാശാലയുടെ പ്രവർത്തനം പൂർണ്ണ തോതിലാകും.

(സി) ആധുനിക സാഹചര്യങ്ങൾക്കും ആവശ്യകതയ്ക്കും അനുസരണമായ പുതിയ പഠനകോഴ്സുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന കാര്യത്തിൽ യൂണിവേഴ്സിറ്റി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) ആധുനിക സാഹചര്യങ്ങൾക്കും ആവശ്യകതയ്ക്കും അനുസരണമായ പുതിയ പഠനകോഴ്സുകൾ തുടങ്ങുന്നതിന്റെ ഭാഗമായി സ്കൂൾ ഓഫ് ഇന്റർ ഡിസിപ്ലിനറി റിസർച്ച്, സ്കൂൾ ഓഫ് ഹെൽത്ത് പോളിസി, സ്കൂൾ ഓഫ് ഫണ്ടമെന്റൽ സ്റ്റഡീസ് ഇൻ ആയുർവ്വേദ, സ്കൂൾ ഓഫ് ജിറിയാട്രിക്സ് എന്നിവ തുടങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു.

(ഡി) യൂണിവേഴ്സിറ്റി നിലവിൽ വന്നശേഷം പുതിയ കോഴ്സുകൾക്ക് അനുമതി നല്കിയത് സംബന്ധിച്ച വിശദവിവരം സർക്കാർ / സ്വാശ്രയ സ്ഥാപനം എന്ന ക്രമത്തിൽ നല്കുമോ ?

(ഡി) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ